നം.ഇ.ജി5-93565/18/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 21.11.2018

## സർക്കുലർ

വിഷയം: ഫീൽഡ് അസിസ്റ്റന്റ് / ഇൻസെക്റ്റ് കളക്ടർ തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച് :-

സൂചന: സർക്കാർ ഉത്തരവ് (സാധാ) നം.3201/2018/ആ.കു.വ തീയതി തിരുവനന്തപുരം 24/10/2018

.........

സർക്കാർ ഉത്തരവ് നം.320/2018/ആ.കു.വ, തിരുവനന്തപുരം, തീയതി 24/10/2018 പ്രകാരം 12/12/2017 - ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ ജി.ഒ (പി) നം.76/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി അടിസ്ഥാനപ്പെടുത്തി, കാറ്റഗി 4 (ബി) ഫീൽഡ് വർക്കറുടെ പ്രമോഷൻ തസ്തികകളായ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്റ്റ് കളക്ടർ ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ നടത്തുന്ന സംസ്ഥാനതല നിയമനങ്ങൾ ആണെന്നും, ടി തസ്തികകളിലേക്ക് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകണമെന്നും സ്പഷ്ടീകരണം നൽകിയിരിക്കുന്നു. മാത്രമല്ല 2017 ഡിസംബർ മാസം സ്പെഷ്യൽ റൂൾ നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്ന തസ്തികകളുടെ നിയമന/പ്രൊബേഷൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്ന എല്ലാ പഴയ ഉത്തരവുകളും അസാധുമായിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ഓഫീസിൽ നിന്നും 14/09/2018 തീയതിയിലെ ഇ.ജി 5 - 67348/18/ആ.വ.ഡ നമ്പർ കത്ത് റദ്ദു ചെയ്യുന്നു. ഇതിൻ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാർ നടത്തിയ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്റ്റ് കളക്ടർ തസ്തികയുടെ പ്രമോഷൻ ഉത്തരവുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തസ്തികകൾ ഫീൽഡ് വർക്കറുടെ പ്രമോഷൻ തസ്തികയായതിനാൽ അവ സംസ്ഥാനതല സീനിയോറിറ്റി കണക്കാക്കി നിയമനം നൽകാൻ സർക്കാർ നിർദ്ദേശിച്ചതിനാലും, ഫീൽഡ് വർക്കർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള വിവരങ്ങൾ ശേഖരിച്ച് ആരോഗ്യവകുപ്പ് കാര്യാലയത്തിലെ ബന്ധപ്പെട്ട സെക്ഷനിൽ (ഇ.എസ്) സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ.എ.സെമീറ**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

പകർപ്പ് :-

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

03666